**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗതീരുമാനം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **536 /2016**/തസ്വഭവ തീയതി, തിരുവനന്തപുരം **09.02.2016.**

പരാമർശം :-03.01.2016-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.4, 3.4 നമ്പർ തീരുമാനങ്ങൾ.

**ഉത്തരവ്**

സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പരാമർശത്തിലെ തീരുമാനങ്ങൾ അംഗീകരിച്ച് ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. നിലവിൽ ഓട്ടോറിക്ഷ/പിക്അപ്പ് ഓട്ടോറിക്ഷ എന്നിവയ്ക്ക് നൽകുന്ന സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകുന്നതിനു പകരം വാഹനം നൽകുന്ന സ്ഥാപനത്തിന് നേരിട്ട് ഡി.ഡി. ആയി നൽകാവുന്നതാണ്. ബാക്കി ലോൺ തുകയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാഹനം വാങ്ങിയശേഷം ആർ.സി ബുക്കിന്റെ പകർപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കേണ്ടതാണ്. ബാങ്ക് ലോൺ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ബാക്കി തുക ഡീലർക്ക് നൽകിയെന്നു ഉറപ്പു വരുത്തിയതിനു ശേഷംവേണം സബ്സിഡി തുക ഡീലർക്ക് നൽകേണ്ടത്. എല്ലാ വാഹന സബ്സിഡികൾക്കും മേൽപറഞ്ഞ കാര്യങ്ങൾ ബാധകമായിരിക്കും.
2. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടികജാതി ആനുകൂല്യം വാങ്ങുന്ന കുട്ടികൾക്ക് സ്കൂൾ അധികൃതർ നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ ടി ആനുകൂല്യം നൽകാവുന്നതാണ്.
3. ഗിരി പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് സാധനം കൊണ്ടുപോകുന്നതിനുള്ള നിലവിലെ കൺവേയൻസ് ചാർജ് പ്രാദേശിക നിരക്കിന് തുല്യമായിരിക്കും. തലച്ചുമടായി സാധനങ്ങൾ എത്തിക്കേണ്ട മലമ്പ്രദേശങ്ങളിൽ നിലവിലെ കൺവേയൻസ് ചാർജ് ദൂരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.
4. ഗ്രാമപഞ്ചായത്തുകളിൽ കക്കൂസ് നൽകാനുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റ് പ്രകാരം മാത്രം തെരഞ്ഞെടുക്കേണ്ടതാണ്.
5. പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി റോഡ് പുറമ്പോക്ക് ഒഴികെയുള്ള സ്ഥലങ്ങളിൽ റേഷൻകാർഡും, വീട്ടു നമ്പരുമുള്ള വീടുകളുടെ പുനരുദ്ധാരണത്തിലും കിണർ, കക്കൂസ് നിർമ്മാണം എന്നീ പദ്ധതികൾക്കും സഹായം നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എസ്. ശോഭന,

ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**